# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5837 28/03/2018-ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.കെ.ഡി.പ്രസേനൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് സാന്ത്വന ചികിത്സാ നെറ്റ് വർക്ക് ഒരു സാമൂഹ്യപ്രസ്ഥാനമായി മാറിയിട്ടുള്ള സാഹചര്യത്തിൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി സാന്ത്വന പരിചരണം നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പ്രൈമറി കെയറും ജില്ലാ താലൂക് ആശുപത്രികളിൽ സെക്കന്ററി കെയർ സാന്ത്വന പരിചരണവും നൽകി വരുന്നു. സാന്ത്വന പരിചരണ പദ്ധതി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി സെക്കന്ററി തല സാന്ത്വന പരിചരണം കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും അനുവദിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനം സാന്ത്വന ചികിത്സയ്ക്കും വയോജന ചികിത്സയ്ക്കും ലഭ്യമാക്കുന്നതാണ്. |
| ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് | ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ സഹകരണത്തോടുകൂടിയാണ് പാലിയേറ്റീവ് കെയർ പരിചരണം നൽകിവരുന്നത്. ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിക്കുന്നതിനും പാലിയേറ്റീവ് കെയർ നേഴ്സിനെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തന്നെ നിയമിക്കുകയും |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ചെയ്യുന്നു. പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലാണ്. സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികളുടെ പട്ടിക തയ്യാറാക്കി ഭവന സന്ദർശം നടത്തിയാണ് ആർഹരായ രോഗികൾക്ക് സേവനം നൽകിവരുന്നത്. ഇവർക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും സൗജന്യമായാണ് നൽകിവരുന്നത്. ഏകദേശം 49000-ത്തോളം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| സി) | ആശാവർക്കർമാരുടെ സേവനം സാന്ത്വന ചികിത്സാ രംഗത്ത് പ്രയോജനപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | സി) | പാലിയേറ്റീവ് കെയർ നേഴ്സ് , ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, കമ്മ്യൂണിറ്റി വളണ്ടിയർ, ആശാവർക്കർ എന്നിവർ ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം. ആശാവർക്കർമാരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളതും ഇപ്പോൾ പ്രവർത്തികമാക്കിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ